# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4206** **24.06.2019 ലെ മറുപടി**

## കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ്

**ചോദ്യം**

**ശ്രീ.മുഹമ്മദ് മുഹസിൻ.പി:**

കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; നിലവിൽ പദ്ധതിയുടെ സ്റ്റാറ്റസ്, ഫയൽ നമ്പർ സഹിതം അറിയിക്കാമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

കാലടികുന്ന് റെഗുലേറ്ററിന് സർക്കാർ 25.50 കോടി രൂപയ്ക്ക് തത്ത്വത്തിൽ അനുമതി നല്കിയിട്ടുണ്ട് (ഉത്തരവ് നമ്പർ G.O(Rt) No.943/2018/WRD dtd:31.12.18). കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ (KIIDC) തുടർനടപടികൾ സ്വീകരിക്കുവാൻ ചുമതലപ്പെടുത്തുകയും പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ പാലക്കാടിന്റെ കാര്യാലയത്തിൽ നിന്നും ഫയൽ നം. D1-849/2018 പ്രകാരം KIIDC ൽ സമർപ്പിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 17.6.2019 ന് KIIDC ൽ നിന്നും KIIFB യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതു പ്രകാരം 24.10 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക. കിഫ്ബി-ൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. KIIDC ഫയൽനമ്പർ – KIIDC/302/ KIIFB- RCB-TIRVPR/ 2018

**സെക്ഷൻ ഓഫീസർ**